(ഡി) കണ്ടെത്തിയ മോഷണങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം II -ൽ ചേർത്തിരിക്കുന്നു. † പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(ഇ) ഏതാനും ഉപഭോക്താക്കൾ സ്റ്റേ വാങ്ങിയിട്ടുണ്ട്.

(എഫ്) സ്റ്റേ നീക്കുന്നതിന് ബോർഡിന്റെ സ്റ്റാന്റിംഗ് കൗൺസിൽ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുടെ പൂർത്തീകരണവും ഉൽപ്പാദനക്ഷമതയും

34 [1122] ശ്രീ. കെ. സി. ജോസഫ് :
,, ജോർജ് ജെ. മാത്യു :
,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുടെ പണി ഏതു ഘട്ടത്തിലെത്തി ;

(ബി) ഇതിനകം അതിന്റെ എത്ര ശതമാനം പണി പൂർത്തിയാക്കി ;

(സി) ഇതിന്റെ മുഴുവൻ പണിയും പൂർത്തിയാക്കി എന്ന് പദ്ധതി ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു ;

(ഡി) ഇതിന്റെ പണി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുക്കാനുദ്ദേശിക്കുന്നു ;

(ഇ) ഈ പദ്ധതി വരുന്നതോടുകൂടി എത്ര യൂണിറ്റ് വൈദ്യുതി പ്രതിദിനം കൂടുതലായി കിട്ടും ;

(എഫ്) ഈ പദ്ധതി പൂർത്തിയാകുമ്പോൾ കുറ്റ്യാടി പദ്ധതിയിൽ നിന്നും എല്ലാകാലവും വൈദ്യുതി ലഭിക്കുമോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 30-11-2004-ൽ പദ്ധതി ഭാഗമായി കമ്മീഷൻ ചെയ്തു. പ്രധാന എർത്ത് ഡാമിന്റെ ഫിനിഷിംഗ് പണി ഒഴികെ ബാക്കിയെല്ലാം പൂർത്തിയായി. സ്പിൽവേയുടെ പണി 70 ശതമാനം പൂർത്തിയായി. ബാക്കി ജോലികൾ പുരോഗമിച്ചുവരുന്നു.

(ബി) 95.5 ശതമാനം.

(സി) 2005 മേയ് 30-ാം തീയതിക്കകം കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 2005 മേയ് മാസാവസാനത്തോടെ പദ്ധതി കമ്മീഷൻ ചെയ്യുകയെന്ന ലക്ഷ്യത്തോടെ പരിപാടികൾ ആവിഷ്ക്കരിച്ച് കരാറുകാരുടെ സഹകരണത്തോടെ യുദ്ധകാലാടിസ്ഥാനത്തിൽ പണികൾ തീർക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ശരാശരി 0.61 മില്ല്യൺ യൂണിറ്റ്.

(എഫ്) കുറ്റ്യാടി പദ്ധതിയിലെ വൈദ്യുതി ഉൽപ്പാദനം ഉയർത്തുവാൻ ഉദ്ദേശിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ കക്കയം പവർ ഹൗസിലെ വൈദ്യുതി ഉല്പാദനം വർഷം മുഴുവൻ നടത്തുവാൻ സാധിക്കും.

കോഴിക്കോട് ജില്ലയിലെ വൈദ്യുതി കുടിശ്ശിക

35 [1123] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-12-2004 വരെ ഓരോ വർഷവും സർക്കാർ പൊതുമേഖല, സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് ഇനത്തിൽ കോഴിക്കോട് ജില്ലയിൽ നിന്നും എത്ര തുക കുടിശ്ശിക വൈദ്യുതി ബോർഡിന് ലഭിക്കാനുണ്ട് ;

(ബി) ഒരു ലക്ഷം രൂപയിൽ കൂടുതൽ തുക കുടിശ്ശിക നൽകാനുള്ള സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമാണ് ; കുടിശ്ശിക തുക സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; പിരിച്ചെടുത്ത തുകയെത്രയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ)

	31-12-2001 രൂപ	31-12-2002 രൂപ	31-12-2003 രൂപ	31-12-2004 രൂപ
ഗവൺമെന്റ് സ്ഥാപനങ്ങൾ	28,30,189	150,45,804	212,34,242	796,70,203
പൊതുമേഖലാ സ്ഥാപനങ്ങൾ	28,12,745	54,77,755	79,01,291	176,12,118
സ്വകാര്യ സ്ഥാപനങ്ങൾ	45,44,770	175,74,376	195,61,268	319,52,830

(ബി) ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾ:

അഗ്രിക്കൾച്ചർ—2.62 ലക്ഷം രൂപ

ആയുർവേദം—6.3 ലക്ഷം രൂപ

ബി. ഡി. ഒ./ബ്ലോക്ക് പഞ്ചായത്ത്—1.2 ലക്ഷം രൂപ

വിദ്യാഭ്യാസം—2.2 ലക്ഷം രൂപ

ജനറൽ അഡ്മിനിസ്ട്രേഷൻ—1.25 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly